• **അഭിമുഖം**

# സുരക്ഷിത ഭക്ഷണം
# സംസ്ക്കാരമാകണം

ആർ. ശ്രീധർ
തയ്യാറാക്കിയത് : സീന

**ജനിതകവിത്തുകൾക്കെതിരെ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച്?**

20 വർഷങ്ങളായി തണൽ ഇത്തരം പ്രവർത്തനങ്ങളുമായി രംഗത്തുണ്ട്. ജനിതകവിരുദ്ധ ക്യാമ്പയിൻ ഇപ്പോൾ ഇന്ത്യയിലുള്ള ജൈവകൃഷിയുമായി ബന്ധപ്പെട്ട നിരവധി സംഘട്ടനങ്ങളും വ്യക്തികളുമുണ്ട്. ഇവരുടെ കൂട്ടായ്മയാണ് ഈ ക്യാമ്പയിനെ മുന്നോട്ടു കൊണ്ടുപോകുന്നത്. പക്ഷെ ഒരു പ്രശ്നം പരിഹരിച്ചു വരുമ്പോഴേക്കും അടുത്ത പ്രശ്നം തലപൊക്കും.

ജനിതകമാറ്റം വരുത്തിയ വിത്തുകൾ വലിയൊരു പ്രശ്നമാണ്. കൃഷിയും മനുഷ്യനുമായുള്ള നീയന്ത്രണമാണ് ഇതുവഴി നഷ്ടപ്പെടുന്നത്. കേന്ദ്രസർക്കാർ കൂടി ഇത്തരം വിത്തുകളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ എടുക്കുമ്പോൾ പ്രശ്നം രൂക്ഷമാകുന്നു. അതുകൊണ്ട് നിയമപരമായും ശാസ്ത്രീയമായും ഇതിനെതിരെയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നു. Coalation For Gm Free India എന്ന പേരിലാണ് ജനിതകവിരുദ്ധ ക്യാമ്പയിൻ നടന്നുവരുന്നത്. ഇതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. റാലികൾ മീറ്റിങ്ങുകൾ, പോസ്റ്റർ ക്യാമ്പയിൻ ഇതെല്ലാം നടന്നുവരുന്നു. സിനിമാതാരങ്ങൾ, അധ്യാപകർ അങ്ങനെ വ്യത്യസ്തമേഖലയിലുള്ളവർ ഈ പ്രവർത്തനത്തിൽ സഹകരിക്കുന്നുണ്ട്. മഹേഷ് ഭട്ട്, ശ്രീ ശ്രീ രവിശങ്കർ മുതലായ പ്രമുഖരും ഇക്കൂട്ടത്തിലുണ്ട്.

പുതിയ പ്രശ്നം ഇപ്പോൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന ബിടി വഴുതിന എന്ന വിത്തിനമാണ്. വിഷം പുറപ്പെടുവിക്കുന്ന ഒരിനം ബാക്ടീരിയ ഉള്ള ഇത് പുതിയ വിത്തിനം പക്ഷേ ഈ ബാക്ടീരിയ ഒരു ഭക്ഷ്യവിളയിലും സാധാരണ ഉണ്ടാകാറില്ല.

ബിടി വഴുതിനയിൽ ഈ ബാക്ടീരിയയുടെ സാന്നിദ്ധ്യ ത്തെ പിന്താങ്ങുന്നവരുടെ വാദം ഇത് ചില കീടങ്ങളെ പ്രതിരോധിക്കുന്നു. എന്നതാണ്.

**യൂറോപ്യൻ രാജ്യങ്ങൾ എങ്ങനെ ജനിതകഭക്ഷണത്തിന് എതിരായി?**

യൂറോപ്യൻ രാജ്യങ്ങളിലെ വ്യാപകമായ എതിർപ്പിനുള്ള പ്രധാനകാരണം ഉപഭോക്തൃതലത്തിലുള്ള അവബോധമാണ്. ഭ്രാന്തിപ്പശുരോഗം തുടങ്ങിയവ യൂറോപ്യൻ ജനങ്ങളെ വല്ലാതെ പരിഭ്രാന്തരാക്കി. ഡോ. അർപ്പത് പുട്സായി പഠനത്തിലൂടെ ജനിതകമാറ്റം വരുത്തിയ ഉരുളൻ കിഴങ്ങ് എലികളേയും മുയലിനേയും ബാധിക്കുന്നതായി കണ്ടെത്തി. ഈ പഠനറിപ്പോർട്ട് പുറത്താവുന്നതോടെ ജിഎം ഭക്ഷ്യവസ്തുക്കൾക്കെതിരായി വ്യാപകമായ ജനാഭിപ്രായം രൂപപ്പെട്ടു. ഇതിന്റെ ഫലമായി സ്വിറ്റ്സർലണ്ട്. ജിഎം ഭക്ഷ്യവസ്തു ക്കൾക്കെതിരായി മൊറട്ടോറിയം പ്രഖ്യാപിച്ചു. സ്വിറ്റ്സർലണ്ട് ആണ് ആദ്യ ജിഎം ഫ്രീ രാജ്യം. തുടർന്ന് ഫ്രാൻസ്, ജർമ്മനി, ഓസ്ട്രിയ, ബൾഗേറിയ എന്നീ രാജ്യങ്ങളും ജിഎം ഭക്ഷ്യവസ്തു ക്കൾക്കെതിരായി രംഗത്തുവന്നു. 2012 വരെ ജിഎം ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചെയ്യാൻ യൂറോപ്പിൽ സാധ്യമല്ല.

ഇതിനിടയിൽ ഡോ. അർപ്പതിന്റെ പഠന റിപ്പോർട്ട് പുറത്താവുന്നതോടെ ബുഷിന്റെ സമ്മർദ്ദത്തെ തുടർന്ന് അദ്ദേഹത്തെ റോയൽ കോളേജിൽനിന്ന് യു.കെ. ഗവൺമെന്റ് പുറത്താക്കി.

**ഇന്ത്യയിൽ ജിഎം ഗവേഷണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്?**

ജിഎം ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട ഗവേഷണം ഇന്ത്യയിൽ ഇപ്പോഴും മുന്നോട്ടുപോകുന്നുണ്ട്. പൊതുജനങ്ങൾക്ക് സ്വീകാര്യമല്ലാത്ത ഒന്നും ചെയ്യാൻ പറ്റില്ല. ജിഎം ഭക്ഷ്യവസ്തുക്കൾ നിരോധിക്കുകതന്നെ വേണം.

കേരളത്തിൽ ജിഎം ഭക്ഷ്യവസ്തുക്കളെ പ്രതിരോധിക്കുവാനായി കേരളത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാരും, സന്നദ്ധസംഘടനകളും, കർഷകരും സ്വീകരിച്ചിരിക്കുന്നത്?

കേരളത്തിൽ ജനിതകവിരുദ്ധ ക്യാമ്പയിൻ ശക്തമായിതന്നെ മുന്നോട്ടുപോകുന്നുണ്ട് 2006 ൽ പാലക്കാട് വച്ചാണ് പാലക്കാട്ടിലേയും വയനാട്ടിലേയും കർഷകസംഘട്ടനകൾ ആദ്യമായി ഇതിനെതിരെ ഒരു സമ്മേളനം സംഘടിപ്പിക്കുന്നത്. അതിനെ തുടർന്ന് 2007 ൽ കർഷകസംഘം പാലക്കാട് വച്ചുതന്നെ വിപുലമായ മറ്റൊരു സമ്മേളനം കൂടി നടത്തി. കർഷകരുടെ എതിർപ്പുകൾ വമ്പിച്ച മാധ്യമശ്രദ്ധ നേടിയതിനെ തുടർന്ന് അധികൃതർ ഫീൽഡ് ട്രയലിൽനിന്ന് പിന്മാറി. പിന്നീട് സുപ്രീം കോടതി അനുവാദം കൊടുത്തപ്പോഴും ഇത്തരം വിത്തുകളുടെ പരീക്ഷണം യൂണിവേഴ്സിറ്റിയുടെ പാടങ്ങളിൽ മതിയെന്നും കർഷകരു ടെ പാടങ്ങളിൽ നടത്തരുത് എന്നായിരുന്നു ജൈവവൈവി ധ്യത്തെ സംരക്ഷിക്കണമെന്നും അതിനെ തകർക്കുന്ന ഒന്നും ഇവിടെ നടക്കില്ല എന്ന് കേരളം പ്രഖ്യാപിച്ചു അതിനെ തുടർന്ന് കെ.ഡി.ബി. ബോർഡിന്റെ നേതൃത്വത്തിൽ



വര : വി.എസ്.ഗിരീശൻ

നടന്ന ദേശീയ ശില്പശാലയിൽ മുഖ്യമന്ത്രിയുടേയും ഭക്ഷ്യമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ജിഎം വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചു. എന്നാൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റി വൈസ് ചെയർമാൻ ഡോ. യഗോധരൻ ജനിതകമാറ്റം നടത്തിയിട്ടുള്ള വിളക ൾക്ക് അനുകൂലമായ നിലപാടു കളുമായി മുന്നോട്ടു പോവുകയാ യിരുന്നുണ്ടായത്.

പക്ഷേ ഇത്തരം വിളകൾക്കെതിരായി വലിയ ഒരു കൂട്ടായ്മ വന്നു ഒപ്പുശേഖരണം കേന്ദ്ര ആരോഗ്യമന്ത്രി അൻപുമണി രാമദാസ്, പ്രധാനമന്ത്രി തുടങ്ങിയവർക്ക് കത്തുകൾ അയയ്ക്കൽ മുതലായ പ്രവർത്തന ങ്ങളുമായി ആന്റി ജിഎം ക്യാമ്പയിൻന് പ്രവർത്തനം തുടരുന്നു.

**തുടർ പ്രവർത്തനങ്ങൾ / പദ്ധതികൾ / ലക്ഷ്യങ്ങൾ?**

സുരക്ഷിതമായ ഭക്ഷണം നമുക്ക് എങ്ങനെ ഉല്പാദിപ്പിക്കാം എന്നതിനെക്കുറിച്ച് ബോധവൽ ക്കരണം നടത്തേണ്ട തുണ്ട്. ഭക്ഷണം നമ്മുടെ അവകാശ മാണ്. സുരക്ഷിതമായ ഭക്ഷണം നമ്മുടെ സംസ്കാര ത്തിന്റെ ഭാഗമാകണം എല്ലാസ്ഥലത്തും അതായത് ഓരോ ജില്ലയിലും ഇത്തരം കൂട്ടായ്മകൾ ഉണ്ടാകണം അതിന് സംസ്ഥാനതലത്തിൽ ഒരു സംഘ്യം ആവശ്യമാണ്.

---

*(13-ാം പേജിൽനിന്നുള്ള തുടർച്ച)*

ഭക്ഷണം മാരകവിഷമായി മാറുകയാണ്. 65ഓളം ആരോഗ്യത്തകരാറുകൾ എലികളിൽ നടത്തിയ പരീക്ഷണത്തിൽ ഇതിനകം തെളിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിലധികമായി അമേരിക്കയിൽ റൗണ്ട് അപ് റെഡിസോയ (Round-up-Ready Soya) അവിടെ 80% ജി.എം സോയ ആണ്. പുറത്തുവന്ന പഠനങ്ങളിൽ അലർജിയുണ്ടാക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്. അതുപോലെ ജി.എം ഉരുളക്കിഴങ്ങ് ഭക്ഷിച്ച എലികൾക്ക് കരൾ, തലച്ചോറ് തകരാറുകൾ കൂടുതലായി കണ്ടുവരുന്നു. കൂടാതെ തലച്ചോറിന്റെ വലുപ്പം കുറയുന്നതായും കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ നാട്ടിലും ജി.എം സോയാ പാലും എണ്ണയും (GM Soya Milk & Oil) വന്നിട്ടുണ്ട്. അറിയാതെ നമ്മളും കഴിയ്ക്കുന്നു. അലർജി 50% കൂടിയിട്ടുണ്ട്.

Bt പരുത്തി ഗുജറാത്തിലെ കർഷകർക്ക് കൃഷി ചെയ്യാനായി നിയമവിരുദ്ധമായി നൽകി. ഈ അനധികൃതശ്രമം വഴി ജനങ്ങളുടെ ജീവനുമേൽ പരീക്ഷണം നടത്താൻ സർക്കാർ ശ്രമിക്കുകയായിരുന്നു. പിന്നീട് അനുമതിയോടെയും. എന്നാൽ ഒറീസയും കേരളവും ആ പറ്റില്ലെന്ന് തീർത്തു പറഞ്ഞു. അതേസമയം ഒറീസ്സ, ആന്ധ്ര എന്നിവർ ഇപ്പോഴും ഇത് ചെയ്യുന്നുണ്ട്. Bt വിത്തുകൾ നിയമവിരുദ്ധമായി കടകളിൽ ലഭ്യമാണ്. Bt വഴുതിന മഹികോ (Mahyco) 2006ൽ അനുമതി ആവശ്യപ്പെട്ട് രംഗത്ത് വന്നു. 2002ൽ തന്നെ Bt പരുത്തി പഠനങ്ങൾ വന്നിട്ടുണ്ട്. കന്നുകാലികളുടെ കൂട്ടമരണമം, വിത്ത് വിലക്കയറ്റം മറ്റ് കേടുപാടുകൾ ഇവയായിരുന്നു ഫലം. ജൈവസുരക്ഷ (Bio Safety) നിയന്ത്രണം വെറും പറ്റിക്കൽ പരിപാടിയായി തുടരുന്നു. സംസ്ഥാനസർക്കാരുകളെ നിർവീര്യമാക്കികൊണ്ടിരിക്കുന്നു.

2006ൽ വാർധയിൽവെച്ച് 17 സംസ്ഥാനങ്ങളിൽ നിന്നുള്ള കൃഷി സാമൂഹ്യപ്രവർത്തകർ ഒത്തുകൂടി ജനിതക വിമുക്ത കൂട്ടായ്മക്ക് (GM Free Coalation) രൂപം കൊടുത്തു. തണലും അതിൽ പങ്കുചേർന്നു.

കൃഷിയിടത്തിൽ ജിഎം പരീക്ഷണം നിറുത്തിവെയ്ക്കണമെന്ന എതിർപ്പുകളെ തുടർന്ന് കോടതി നിരോധിച്ചെങ്കിലും വിവിധ പ്രദേശങ്ങളിലെ കാർഷിക സർവകലാശാലകളിൽ ജിഎം കൃഷി തുടരുകയാണ്. എന്നാൽ നമുക്കറിയാവുന്ന ഒരു ദുഃഖസത്യം ഇവിടങ്ങളിലൊക്കെയാണ് അപൂർവ്വവും. വൈവിധ്യമേറിയതുമായ ജനിതക ശേഖരം വിപുലമായുള്ളത്. ആ വഴുതനക്ക് ഈ വർഷം അനുമതി കൊടുക്കാൻ ശ്രമം നടക്കുന്നുണ്ട്.

**വനിതകളും കുട്ടികളും**

ഭക്ഷ്യമാണ് ഔഷധം. കൃഷി ചെയ്ത ഭക്ഷണമാണല്ലോ കഴിയ്ക്കുന്നത്. ജിഎം വിളകൾ മുഖ്യമായും എലികളിലാണ് പരീക്ഷണങ്ങൾ നടക്കുന്നത്. പ്രത്യുല്പാദനത കരാറുകളും കരളിനുണ്ടാകുന്ന രോഗങ്ങളും ക്യാൻസറുമാണ് മുഖ്യമായ ജനിതക വിളകളുടെ പ്രശ്നങ്ങൾ. ജനിതക വൈകല്യം ഉണ്ടാകുന്നതുവഴി ഭാവിതലമുറകളെക്കൂടി ജിഎം ദോഷകരമായി ബാധിക്കുന്നു. ചിലയിനം ജിഎം വിളകൾ ആന്റിബയോട്ടിക് പ്രതിരോധശേഷി ഉള്ളവയാണ്. അതിനർത്ഥം തൊട്ടടുത്ത് വിളകളിൽ അതിനെ അതിജീവിക്കുന്ന കീടങ്ങൾ, രോഗങ്ങൾ വരാമെന്നത്രേ. ഇതുകൊണ്ടൊക്കെയാണ് ഡോ. പുഷ്പ ഭാർഗവ അടുത്ത 7 വർഷത്തെ പഠനങ്ങൾക്കുശേഷമേ ഇവയെക്കുറിച്ച് നമുക്കെന്തെങ്കിലും പറയാനാവൂ എന്ന് പറഞ്ഞത്. കുട്ടികളിൽ സുവർണ്ണഅരി (Golden Rice) അമേരിക്കയിൽ നടക്കുന്ന പരീക്ഷണങ്ങളിൽ പ്രതിഷേധ സമരങ്ങളെ ക്ഷണിച്ചു വരുത്തിയിരിക്കുകയാണ്. നമ്മുടെ സ്ഥിതി പറയാറായിട്ടില്ല.